(എ) 2000 ഡിസംബർ ആദ്യം സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ജയരാജൻ സഞ്ചരിച്ചിരുന്ന കാറിന് ബോംബെറിഞ്ഞതിനെ തുടർന്ന് കണ്ണൂർ ജില്ലയിൽ നിരവധി അക്രമസംഭവങ്ങളുണ്ടായപ്പോൾ അക്രമം അമർച്ച ചെയ്യുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർ പോലീസിന് 'ഷൂട്ട് അറ്റ് സൈറ്റ്' ഓർഡർ നൽകിയിരുന്നുവോ;

(ബി) കണ്ണൂരിൽ അക്രമസംഭവങ്ങൾ ഉണ്ടായ സ്ഥലങ്ങളിൽ ഇത് അനുസരിച്ച് പോലീസ് പ്രവർത്തിച്ചുവോ;

(സി) ബോംബും മറ്റ് മാരകായുധങ്ങളുമായി സംഘടിതരായി പെരുവഴിയിലൂടെ നീങ്ങിയ അക്രമി സംഘത്തിൽ ആരെയെങ്കിലും പോലീസ് വെടിവെച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) 2000 ഡിസംബർ 4-ന് കണ്ണൂർ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ സമാധാനയോഗത്തിൽ നിന്ന് പോലീസ് അധികൃതർ വിട്ടുനിന്നുവോ; എങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അക്രമികളെ പിരിച്ചുവിടുന്നതിനായി പോലീസ് 7(ഏഴ്) സ്ഥലത്തായി ആകാശത്തേയ്ക്ക് '27' റൗണ്ട് വെടിവെച്ചിട്ടുണ്ട്.

(ഡി) ഇല്ല.

76 (94) കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങൾ

ശ്രീ.കെ.ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കണ്ണൂർ ജില്ലയിൽ എത്ര അക്രമസംഭവങ്ങൾ നടന്നു;

(ബി) ഈ സംഭവങ്ങളിൽ എത്രപേർ മരിച്ചു; എത്രപേർക്ക് അംഗഭംഗം സംഭവിച്ചു;

(സി) എത്ര വീടുകളും കടകളും തകർക്കപ്പെട്ടു;

(ഡി) അവിടെ സമാധാന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ സമിതി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട്;

(എഫ്)കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേകം പ്രത്യേകം സമാധാന സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ ഓരോന്നും എത്ര പ്രാവശ്യം കൂടി;

(ജി) സമാധാന സമിതികളുടെ യോഗത്തിൽ മുഖ്യമന്ത്രി എത്ര പ്രാവശ്യം പങ്കെടുത്തിട്ടുണ്ട്;

(എച്ച്) സമാധാന സമിതികളുടെ തീരുമാന പ്രകാരം ഈ കാലത്ത് എത്ര സമാധാന മാർച്ചുകൾ സംഘടിപ്പിച്ചിട്ടുണ്ട്; പ്രസ്തുത മാർച്ചുകളിൽ മുഖ്യമന്ത്രി എത്രപ്രാവശ്യം പങ്കെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സമാധാന സമിതികൂടി തീരുമാനമെടുത്ത് അതേദിവസമോ അതിനു തുടർന്നുള്ള മൂന്നു ദിവസങ്ങൾക്കുള്ളിലോ അക്രമങ്ങളുണ്ടായ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 9092 അക്രമസംഭവങ്ങൾ.

(ബി) 125 പേർ മരിച്ചു, 69 പേർക്ക് അംഗഭംഗം സംഭവിച്ചു.

(സി) 307 വീടുകളും, 209 കടകളും തകർക്കപ്പെട്ടു.

(ഡി-ഐ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

77 (95) രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ.അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഈ സംഘട്ടനങ്ങളിൽ എത്രയെണ്ണം വീതം സി.പി.ഐ. അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി നടന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും ബി.ജെ.പി., ആർ.എസ്.എസ്. അംഗങ്ങളോ അനുഭാവികളോ മറുവശത്തും ആയി നടന്ന സംഘട്ടനങ്ങൾ എത്ര;

(ഇ) സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും ഇൻഡ്യൻ നാഷണൽ കോൺഗ്രസോ അംഗങ്ങളോ മറുവശത്തുമായി നടന്ന സംഘട്ടനങ്ങളെത്ര എന്നു വെളിപ്പെടുത്തുമോ;

(എഫ്) സി.പി.ഐ.(എം.)അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി നടന്നവ എത്രയെണ്ണം;

(ജി) സി.പി.ഐ.(എം) അംഗങ്ങളോ അനുഭാവികളോ ഒരുവശത്തും മറ്റു രാഷ്ട്രീയകക്ഷികളുടെ അംഗങ്ങൾ മറുവശത്തുമായി നടന്ന സംഘട്ടനങ്ങൾ എത്ര?

ഉത്തരം

(എ) 27073 സംഘട്ടനങ്ങൾ.

(ബി) 4973 സംഘട്ടനങ്ങൾ.

(സി) 235 സംഘട്ടനങ്ങൾ.

(ഡി) 1696.

(ഇ) 1596.

LIBRARY ARCHIVES Kerala Legislative Assembly